# ജീവിത വിശുദ്ധി

## വെളിപ്പാട് 22:11

**"അനീതി ചെയ്യുന്നാവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ, നീതിമാൻ ഇനിയും നീതി ചെയ്യട്ടെ. വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ.''**

ഇന്ന് ഈ ലോകത്തിലായിരിക്കുന്ന ഓരോ വ്യക്തിയോടും തിരുവചനം വളരെ വ്യക്തമായി തരുന്ന ഒരു താക്കീതായി നമുക്ക് ഇതിനെ കാണാം. വേദപുസ്തകത്തിലുടനീളം മാനസാന്തരത്തെയും വിശുദ്ധിയെയും നീതിയെയും ന്യായത്തെയും അങ്ങനെ തുടങ്ങി തിന്മകൾ വിട്ടൊഴിഞ്ഞ് ദൈവസന്നിധിയിൽ വിശുദ്ധരാവേണ്ടതിനെ കുറിച്ച് നമ്മെ ഓർമ്മിപ്പിച്ചതിനു ശേഷം നമുക്ക് തരുന്ന ഒരു താക്കീതായി ഇതിനെ കാണാം.

ഈ വചനങ്ങളെല്ലാം കേട്ടിട്ടും അനീതിയിൽ തുടരുകയും വിശുദ്ധിയില്ലാതെ ജീവിക്കുകയും ചെയ്യുന്നവൻ അങ്ങനെ തന്നെ തുടരട്ടെ എന്ന് വചനത്തിന്റെ അവസാന ഭാഗത്ത് പറയുന്നു. എന്നാൽ ഒരു കാര്യം വ്യക്തമാണ് അവൻ വേഗം വരും. ഓരോരുത്തന്റെ പ്രവൃത്തിക്ക് തക്കവണ്ണം പ്രതിഫലം കൊടുപ്പാൻ അവൻ വരും. ആ സത്യം മറന്നു കൊണ്ട് ഈ ലോകത്തിന്റെ സുഖങ്ങളുടെ പിന്നാലെ പായുന്നവർ തീർച്ചയായും ദു:ഖിക്കേണ്ടി വരും. നഷ്ടം സഹിക്കേണ്ടി വരും. ആ നഷ്ടം ഒരിക്കലും നികത്താൻ പറ്റില്ല. ആ ദു:ത്തിൽ നിന്ന് മോചനവുമില്ല.

ദൈവം നമുക്ക് തീർച്ചയായും പൂർണ്ണ സ്വാതന്ത്ര്യം തന്നിട്ടുണ്ട്. തിരഞ്ഞെടുക്കേണ്ടുന്ന വഴി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പക്ഷെ ഏത് വേണമെന്ന് തീരുമാനിക്കേണ്ടത് നമ്മൾ തന്നെയാണ്. ഈ ലോകത്തിലെ ജീവിതമെന്ന യാഥാർഥ്യം പോലെ ഒരു നിത്യത നമുക്ക് തീർച്ചയായും ഉണ്ട്. എന്നാൽ നൈമിഷികമായ സുഖത്തിന്നു വേണ്ടി നിത്യമായ സന്തോഷം തള്ളിക്കളഞ്ഞ പമ്പര വിഢികളായി മാറരുത് നാം.

ഈ ലോകം നമ്മെ എങ്ങനെ വേണമെങ്കിലും വിധിച്ചോട്ടെ, പരിഹസിച്ചോട്ടെ. എന്നാൽ നാം ദൈവത്തിന്റെ ന്യായസനത്തിന്റെ മുമ്പാകെ നിൽക്കുമ്പോൾ, ജീവന്റെ വൃക്ഷത്തിൽ അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നു വസ്ത്രം വിശുദ്ധിയോടെ സൂക്ഷിക്കുന്നവരായി തീരാം. അവന്റെ മുമ്പിൽ ലജ്ജിച്ചു നിൽക്കാനും, പോകുവിൻ ഞാൻ നിന്നെ അറിയുന്നില്ല എന്ന സ്വരം കേൾക്കാനും ഇടവരാതെ നമ്മെ തന്നെ നീതിമാനായി, വിശുദ്ധരായി കാത്തു സൂക്ഷിക്കാം. അവന്റെ വരവിനായി ഒരുങ്ങാം.

പരാമർശം :

റോമർ 12:1-2

"നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ"

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 017